**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1000</u>** **<u>14-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>റാന്നി നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ പുരോഗതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | **Shri. K. Krishnankutty**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | റാന്നി നിയോജക മണ്ഡലത്തിലെ അങ്ങാടി-കൊറ്റനാട്, എഴുമറ്റൂർ, അയിരൂർ-കാണിറ്റകം, കോട്ടാങ്ങൽ, നാരങ്ങാനം-ചെറുകോൽ-റാന്നി, കൊല്ലമുള, അത്തിക്കയം-പെരുനാട്, നിലയ്ക്കൽ എന്നീ കുടിവെള്ള പദ്ധതികളുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ, നിർമ്മാണ പുരോഗതി എന്നിവ തുക സഹിതം ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | അങ്ങാടി-കൊറ്റനാട് പദ്ധതി 112 കോടി രൂപയുടെ പ്രോജക്ട് ജലജീവൻ മിഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. എഴുമറ്റൂർ കുടിവെള്ളപദ്ധതി എഴുമറ്റൂർ കുടിവെള്ളപദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, 2.5 MLD ജലശുദ്ധീകരണശാല, ഗ്രാവിറ്റി മെയിൻ, പമ്പ് സെറ്റുകൾ എന്നിവ ഉൾപ്പെട്ടിരുന്നു. ഇതിൽ റോ വാട്ടർ പമ്പിങ് മെയിൻ പൂർത്തിയാക്കി രണ്ടിലധികം തവണ ജലശുദ്ധീകരണ ശാലക്ക് ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് പുറമറ്റം, കല്ലൂപ്പാറ, കുന്നംതാനം, എഴുമറ്റൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്രം, ഇരവിപേരൂർ ഉൾപ്പെടെ 7 പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്രപദ്ധതിയുടെ ഭരണാനുമതി 2017-ൽ 42.35 കോടി രൂപക്ക് ഗ്രീൻ ബുക്കിൽ നൽകിയതിനാൽ, NRDWP-യിൽ നൽകിയ പ്രവൃത്തി താൽക്കാലികമായി നിർത്തിവെച്ചു. ഗ്രീൻ ബുക്കിൽ കിട്ടിയ പ്രവൃത്തിയുടെ സ്ഥലലഭ്യതക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് പൂർത്തിയാകുന്നതോടെ പ്രസ്തുത പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്. അയിരൂർ കാഞ്ഞേറ്റുകര അയിരൂർ കാഞ്ഞേറ്റുകര പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി, ജലസംഭരണികളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ എന്നിവ ഉൾക്കൊള്ളിച്ചിരുന്നു. ടി പ്രവൃത്തിയുടെ വിതരണശൃംഖല പൂർത്തീകരിച്ച് ജലവിതരണം നടത്തി വരുന്നു. കൂടാതെ ജലസംഭരണിയുടേയും പമ്പ് ഹൗസുകളുടേയും അറ്റകുറ്റപ്പണികളുടെ പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | | മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ (ഭാഗികം) ഒന്നാം ഘട്ടം പ്രവൃത്തികൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവൃത്തികളിൽ ഉൾപ്പെട്ട 6 ഉപരിതല ടാങ്കുകളുടേയും 2 ഭൂതല സംഭരണികളുടേയും 1 പമ്പ് ഹൗസിന്റേയും പണി പൂർത്തിയാക്കി. പദ്ധതിയിലുൾപ്പെട്ട റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ എന്നിവക്കാവശ്യമായ പൈപ്പ് ഉടനേ സപ്ലൈ ചെയ്യാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെട്ട പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, എന്നിവയുടെ സപ്ലൈയും സ്ഥാപിക്കലും ഉൾപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായുള്ള നടപടികൾ നടന്നുവരുന്നു. പദ്ധതിയുടെ വിതരണശൃംഖല മൂന്നാം ഘട്ടമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നാരങ്ങാനം-ചെറുകോൽ-റാന്നി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലമുള കുടിവെള്ളപദ്ധതി ഓലിക്കൽ, തലമുട്ടിയാനി, പാമ്പിരിക്കാംപാറ എന്നിവിടങ്ങളിലുള്ള സമ്പ്, ഉപരിതല ടാങ്ക്, പമ്പ് ഹൗസ് എന്നിവയും ഇവിടേക്കുള്ള പമ്പിങ് മെയിനുകൾ, പമ്പ് സെറ്റുകൾ എന്നിവ ഉൾപ്പെട്ട ഈ പദ്ധതിയുടെ പ്രവൃത്തികൾ 3 പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ പങ്കെടുക്കാത്തതിനാൽ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതി പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം അവശേഷിച്ച പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പെരുനാട് അത്തിക്കയം വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി രണ്ടാം ഘട്ടത്തിന് KIIFB-ൽ 41.4 കോടി രൂപയുടെ ഭരണാനുമതി 2017-ൽ ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതി 3 പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. പാക്കേജ് 1- പ്രവൃത്തികൾ പൂർത്തീകരിച്ചു. a) സോൺ 1 മുതൽ 7 വരെയുള്ള കുടിവെള്ള വിതരണശൃംഖല b) ക്ലിയർ വാട്ടർ പമ്പിങ് മെയിൻ (i) ശുദ്ധീകരണശാല മുതൽ മന്നമ്പുഴ ലോ ലെവൽ സമ്പ് വരെ (ii) മന്നമ്പുഴ ലോ ലെവൽ സമ്പ് മുതൽ മന്നമ്പുഴ ഹൈ ലെവൽ വരെ. c) ഗാർഹിക കണക്ഷൻ മാറ്റുന്ന പ്രവൃത്തി പാക്കേജ് 2- 70% പ്രവൃത്തികൾ പൂർത്തീകരിച്ചു. a) ക്ലിയർ വാട്ടർ പമ്പിങ് മെയിൻ- ശുദ്ധീകരണശാലയുടെ അടുത്തുള്ള സമ്പ് മുതൽ പഞ്ചാരമുക്ക് സമ്പ് കം പമ്പ് ഹൗസ് വരെ, ശുദ്ധീകരണശാല മുതൽ മുണ്ടമല ലോ ലെവൽ സമ്പ് വരെ, മുണ്ടമല ലോ ലെവൽ സമ്പ് |

മുതൽ മുണ്ടമല ഹൈ ലെവലിലെ ഭൂതല സംഭരണി വരെ b) 0.5 ലക്ഷം ലിറ്ററിന്റെ ഭൂതലസംഭരണി- മുണ്ടമല ഹൈ ലെവൽ c) മുണ്ടമല ലോ ലെവൽ പമ്പ് ഹൗസ് d) സോൺ 8 മുതൽ സോൺ 11 വരെയുള്ള കുടിവെള്ള വിതരണശൃംഖല e) ഗ്രാവിറ്റി മെയിൻ- കോട്ടുപ്പാറ ഭൂതലസംഭരണി മുതൽ മാമ്പാറ ഭൂതലസംഭരണി വരെ, പഞ്ചാരമുക്ക് മുതൽ ചെമ്പൻമുടി ഭൂതലസംഭരണി വരെ പാക്കേജ് 3 – പമ്പ് സെറ്റ് സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും- ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. സീതത്തോട് നിലയ്ക്കൽ കുടിവെള്ള പദ്ധതി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളായ ഇൻടേക് കിണർ, പമ്പ് ഹൗസ്, ശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിലുൾപ്പെടുത്തിയ പ്രവൃത്തികൾ 4 പാക്കേജുകളായാണ് നടപ്പാക്കുന്നത്. ഇതിൽ ഒന്നാം പാക്കേജിലുൾപ്പെട്ട 6 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള 3 സമ്പ്, 20 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള 3 ഉപരിതലസംഭരണികൾ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പിങ് മെയിനിനായി സ്റ്റീൽ ബ്രിഡ്ജുകളുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ സബ്സ്റ്റേഷൻ (4 എണ്ണം), നിലയ്ക്കൽ ജലസംഭരണിയിൽ നിന്നും വിതരണശൃംഖല സ്ഥാപിക്കൽ, 3 സമ്പുകൾക്കും ചുറ്റുമതിൽ, റീറ്റെയ്നിങ് വാൾ നിർമ്മാണം, പമ്പിങ് സ്റ്റേഷനുകളുടെയും ശുദ്ധീകരണശാലയുടേയും ഓട്ടോമേഷൻ തുടങ്ങിയ പ്രവൃത്തികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. പാക്കേജ് 2-ൽ ഉൾപ്പെട്ട ക്ലിയർ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ, 3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികളുടെ നിർമ്മാണം, 3 ലക്ഷം ലിറ്റർ, 0.6 ലക്ഷം ലിറ്റർ ശേഷിയുള്ള 2 സമ്പ് കം പമ്പ് ഹൗസ് നിർമ്മാണം, 4 ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, വിവിധ ജലസംഭരണികളിൽ നിന്നും സീതത്തോട് പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധന നടന്നു വരുന്നു. പാക്കേജ് 3-ൽ ഉൾപ്പെട്ട 0.6 ലക്ഷം, 0.3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ടാങ്കുകളുടെ നിർമ്മാണം, 2.5 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. റോഡ് റിസ്റ്റോറേഷൻ ചാർജ്ജ്, പവർ ലൈൻ എക്സ്റ്റെൻഷൻ, വനം

| | | | |
|---|---|---|---|
| | | | വകുപ്പിനുള്ള നഷ്ടപരിഹാരം, സർവ്വേ ഇൻവെസ്റ്റിഗേഷൻ എന്നിവയാണ് പാക്കേജ് 4 -ൽ ഉൾപ്പെട്ട ത്തിയിരിക്കുന്നത്. പാക്കേജ് 2-ൽ 5 ജലസംഭരണിക്കും പാക്കേജ് -3ൽ ഒരു ജല സംഭരണിക്കും ഉള്ള സ്ഥലം ലഭ്യമാകേണ്ടതായിട്ടുണ്ട് . ആയതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നിർമ്മാണമാരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത അങ്ങാടി-കൊറ്റനാട് പദ്ധതി, നാരങ്ങാനം-ചെറുകോൽ-റാന്നി പദ്ധതിയുടെ നിർമ്മാണം എന്നിവ ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി നിർമ്മാണമാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ